بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 19.07.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 19.07.2019ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**നബി (സ) തിരുമേനിയുടെ മഹനീയ സ്ഥാനികളായ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം.**

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۲﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۳﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۴﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۵﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹുദും തഅവുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

ഇന്നും ബദരീ സഹാബാക്കളെ കുറിച്ചുള്ള വിവരണമാണ്. ആദ്യത്തെ സഹാബി ഹദ്റത്ത് ആമിർ ബിൻ സുലമ ആണ്. അദ്ദേഹത്തിന്റെ ബന്ധം ബലീ ഗോത്രവുമായാണ്. അത് കാരണം അദ്ദേഹത്തെ ആമിർ ബിൻ സുലമ ബൽവി എന്നും പറയപ്പെടുന്നു. ഹദ്റത്ത് ആമിർ അൻസാറുകളുടെ സഖ്യകക്ഷിയായിരുന്നു. ബദർ, ഉഹദ് യുദ്ധങ്ങളിൽ ഹദ്റത്ത് ആമിർ സലമയ്ക്ക് പങ്കെടുക്കാൻ ഭാഗ്യം ലഭിച്ചു.

രണ്ടാമത്തെ സഹാബിയുടെ പേര്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുറാഖ എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം ഖുറൈശികളുടെ ഗോത്രമായ ബനൂ അദിയുമായാണ്. അത് ഹദ്റത്ത് ഉമർ(റ)ന്റെ ഗോത്രമാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുറാഖയുടെ അഞ്ചാമത്തെ തലമുറ റീഹായെന്ന് പേരുള്ള വ്യക്തിയിൽ ചെന്ന് ഹദ്റത്ത് ഉമറിന്റെയും പത്താമത്തെ തലമുറ കഅബെന്ന് പേരുള്ള വ്യക്തിയിലൂടെ നബി(സ)യുടെയും പരമ്പരയുമായി ഒരുമിക്കുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുറാഖ, തന്റെ സഹോദരൻ അംറിനോടൊപ്പം മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത് ഹദ്റത്ത് റഫാഅ ബിൻ അബ്ദുൽ മുൻസിറിന്റെ വീട്ടിൽ താമസിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുറാഖ ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ 35 ഹിജ്റിയിൽ വഫാത്തായി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുറാഖ നിവേദനം ചെയ്യുന്നു, നബി(സ) പറഞ്ഞു,

تَسَحَّرُوْ اوَلَوْ بِالْمَاءِ

വെള്ളം കൊണ്ടാണെങ്കിലും ശരി അത്താഴം കഴിക്കുക. അതായത് (നോമ്പിന്) അത്താഴം കഴിക്കേണ്ടത് നിർബന്ധമാകുന്നു.

അടുത്ത സഹാബിയുടെ പേര് ഹദ്റത്ത് മാലിക് ബിൻ അബൂ ഖൗല എന്നാണ്. ഹദ്റത്ത് മാലിക് ബിൻ ഖൗലയുടെ ബന്ധം ബനൂ ഇജൽ ഗോത്രവുമായാണ്. ഹദ്റത്ത് ഖൗല, തന്റെ രണ്ട് സഹോദരന്മാരായ ഹദ്റത്ത് ഹിലാൽ, ഹദ്റത്ത് അബ്ദുല്ലാഹ് എന്നിവരോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഹദ്റത്ത് മാലിക് ബിൻ ഖൗല വഫാത്തായി.

അടുത്ത സഹാബിയുടെ പേര് ഹദ്റത്ത് വാഖിദ് ബിൻ അബ്ദുല്ലാഹ് എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം ബനൂ തമീം ഗോത്രവുമായാണ്. അദ്ദേഹം ഹദ്റത്ത് അബൂബക്കറിന്റെ തബ്‌ലീഗ് മുഖേനയാണ് ഇസ്‌ലാം സ്വീകരിച്ചത്. ഹദ്റത്ത് വാഖിദ് നബി(സ)തിരുമേനി ദാറുൽ അർഖമിലേക്ക് പോകുന്നതിന് മുമ്പ് തന്നെ ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഹുസൂർ തിരുമനസ്സ് പറയുന്നു: ദാറുൽ അർഖമിനെ സംബന്ധിച്ച് ചുരുങ്ങിയ നിലയിൽ വിവരിക്കാം. നബി(സ)തിരുമേനിക്ക് മക്കയിൽ ഒരു തബ്‌ലീഗ് കേന്ദ്രം നിർമിക്കണമെന്ന ചിന്ത ഉടലെടുത്തു. മുസ്‌ലിംകൾ ഒരുമിച്ച് ചേരുവാനും നമസ്കാരത്തിനും മറ്റും വരുന്നതിനും യാതൊരു തടസ്സവും കൂടാതെ സമാധാനത്തിൽ അവരുടെ തർബിയ്യത്ത് കാര്യങ്ങൾക്ക് ഉതകുന്ന മാർഗനിർദ്ദേശങ്ങൾ നബി(സ)തിരുമേനിയിൽ നിന്ന് കരസ്ഥമാക്കുവാനും അതോടൊപ്പം ഇസ്‌ലാമിന്റെ പ്രചരണം നടത്തുവാനുമായി ഒരു കെട്ടിടത്തിന്റെ ആവശ്യം നേരിട്ടു. അത് കേന്ദ്രസ്ഥാനം അലങ്കരിക്കുകയും ചെയ്യണം. അങ്ങനെ നബി(സ) ഒരു നവമുസ്‌ലിമായ അർഖം ബിൻ അബീ അർഖമിന്റെ ഭവനം അതിനായി തിരഞ്ഞെടുത്തു. അത് സഫാ കുന്നിന്റെ താഴ്‌വരയിലാണ് സ്ഥിതിചെയ്തിരുന്നത്. അതിന് ശേഷം മുസ്‌ലിംകൾ അവിടെ ഒരുമിച്ച് കൂടാൻ തുടങ്ങി. അവിടെ നമസ്കാരങ്ങൾ നിർവഹിച്ചിരുന്നു. സത്യാന്വേഷികളായ ആളുകൾ നബി(സ)തിരുമേനിയുടെ സമീപത്ത് വരുമ്പോൾ അങ്ങ് അവിടെവെച്ചാണ് ഇസ്‌ലാമിന്റെ തബ്‌ലീഗ് നടത്തിയിരുന്നത്. ഈ കാരണത്താൽ ഈ ഭവനത്തിന് ചരിത്രത്തിൽ പ്രത്യേക സ്ഥാനം ലഭിച്ചിട്ടുണ്ട്. ദാറുൽ ഇസ്‌ലാം എന്ന പേരിൽ അത് പ്രസിദ്ധവുമാണ്. നബി(സ) തിരുമേനി ഏകദേശം 3 വർഷകാലം ദാറുൽ അർഖമിൽ നിന്ന് പ്രവർത്തിച്ചു. ചരിത്രകാരൻമാർ എഴുതുന്നു, ദാറുൽ അർഖമിൽ വെച്ച് അവസാനമായി ഇസ്‌ലാം സ്വീകരിച്ചത് ഹദ്റത്ത് ഉമർ ആയിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതിലൂടെ മുസ്‌ലിംകൾക്ക് അധികമായ ധൈര്യം കൈവന്നു. അവർ ദാറുൽ അർഖമിൽ നിന്ന് പുറത്ത് വന്ന് തുറന്ന നിലയിൽ തബ്‌ലീഗ് ചെയ്യുവാൻ തുടങ്ങി. ഹദ്റത്ത് വാഖിദ് ഹദ്റത്ത് ഉമറിനോടൊപ്പം മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു. മദീനയിൽ എത്തിയ ശേഷം അദ്ദേഹം ഹദ്റത്ത് റാഫിഅ് ബിൻ അബ്ദുൽ മുൻസിറിന്റെ അടുക്കൽ താമസിച്ചു. ഹദ്റത്ത് ഉമർ(റ)ന്റെ പ്രാരംഭ ഖിലാഫത്ത് കാലത്ത് ഹദ്റത്ത് വാഖിദ് വഫാത്തായി.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് നസർ ബിൻ ഹാരിഥ് എന്നാണ്. അദ്ദേഹം അൻസാറുകളുടെ ഗോത്രമായ ഔസിന്റെ കുടുംബത്തിൽപ്പെട്ട ബനൂ അബ്ദ് ബിൻ റസാഖിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹാരിഥ് ബിൻ അബ്ദ് എന്നും മാതാവിന്റെ പേര് സൗദ ബിൻത് സുവാദ് എന്നുമാണ്. ഹദ്റത്ത് നസർ ബിൻ ഹാരിഥയുടെ പിതാവ് ഹാരിഥിനും നബി(സ)തിരുമേനിയുടെ സഹാബത്തിൽ ഉൾപെടാൻ ഭാഗ്യം ലഭിച്ചിരുന്നു. ഹദ്റത്ത് നസർ ഖാദ്സിയ്യാ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. ഹിജ്രി 14 ന് ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് മുസ്‌ലിംകളും ഇറാനികളും തമ്മിൽ ഖാദ്സിയ്യാ എന്നാ സ്ഥലത്ത് വെച്ച് നിർണ്ണായകമായ ഒരു പോരാട്ടം നടന്നു. അതിന്റെ ഫലമായി ഇറാനികളുടെ ഭരണകൂടം മുസ്‌ലിംകളുടെ പരിധിയിൽ വന്നു.

അടുത്ത സഹാബിയുടെ പേര് ഹദ്റത്ത് മാലിക് ബിൻ അംറ് എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം ബനൂ സലീം ഗോത്രവുമായാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അംറ് ബിൻ സമീദ് എന്നാണ്. ഹദ്റത്ത് മാലിക്ക് തന്റെ രണ്ട് സഹോദരൻമാർ, ഹദ്റത്ത് സഖഫ് ബിൻ അംറ്, ഹദ്റത്ത് മദ്‌ലജ് ബിൻ അംറ് എന്നിവരോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ഹിജ്രി 12 ന് യമാമ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് നുഅ്മാൻ ബിൻ അസർ എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം അൻസാറുകളുടെ ഗോത്രമായ ബലീയുമായാണ്. ഹദ്റത്ത് നുഅ്മാൻ ബിൻ അസർ ബയ്അത്തെ ഉഖ്ബയിലും ബദർ പോലുള്ള ബാക്കി എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹവും യമാമ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് ഉവയ്മം ബിൻ സാഅദ എന്നാണ്. ഹദ്റത്ത് ഉവയ്മം ബിൻ സാഅദയുടെ ബന്ധം ഔസ് ഗോത്രത്തിന്റെ ശാഖയായ ബനൂ അംറ് ബിൻ ഔഫുമായാണ്. അദ്ദേഹം ഒന്നാമത്തെയും രണ്ടാമത്തെും ഉക്ബ ഉടമ്പടികളിൽ പങ്കെടുത്തിരുന്നു. സീറത്തുൽ ഖാത്തമുന്നബിയ്യീനിൽ വന്നിരിക്കുന്നു: ഒന്നാം ബയ്അത്തെ ഉക്ബയ്ക്ക് മുമ്പ് മദീനയിലെ അൻസാറുകളുടെ ഒരു സംഘം നബി(സ)തിരുമേനിയിൽ വിശ്വസിച്ചിരുന്നു. അതിൽ ഉവയ്മം ബിൻ സാഅദയും ഉണ്ടായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബൈർ നിവേദനം ചെയ്യുന്നു, അദ്ദേഹം റസൂലുല്ലാഹ്(സ) ഇപ്രകാരം പറയുന്നതായി കേട്ടു: ഉവയ്മം ബിൻ സാഅദ അല്ലാഹുവിന്റെ ദാസരിൽ വെച്ച് എത്ര ഉത്തമനായ ദാസനാണ്. അദ്ദേഹം സ്വർഗവാസികളിൽ ഉൾപ്പെടുന്നു. മറ്റൊരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ,

فِيْهِ رِجَالٌ يُّحِبُّوْنَ اَنْ يَّتَطَهَّرُوْا ؕ وَاللّٰهُ يُحِبُّ الْمُطَّهِّرِيْنَ

എന്ന ആയത്ത് അവതരിച്ചപ്പോൾ റസൂലുല്ലാഹ്(സ) പറഞ്ഞു: ഉവയ്മം ബിൻ സാഅദ അല്ലാഹുവിന്റെ ദാസരിൽ വെച്ച് എത്ര ഉത്തമനായ ദാസനാണ്. അദ്ദേഹവും (ആയത്തിൽ പറഞ്ഞവരിൽ) ഉൾപ്പെടുന്നു.

ഹദ്റത്ത് ഉവയ്മം ബിൻ സാഅദ ബദർ, ഉഹദ്, ഖന്തഖ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ)യോടൊപ്പം പങ്കെടുത്തു. ആസിം ബിൻ സുവയ്ദ് വിവരിക്കുന്നു, അദ്ദേഹം ഹദ്റത്ത് ഉവയ്മം ബിൻ സാഅദയുടെ മകൾ ഉബയ്ദ ഇപ്രകാരം പറയുന്നതായി കേട്ടു, ഒരിക്കൽ ഹദ്റത്ത് ഉമർ ബിൻ ഖത്താബ് ഹദ്റത്ത് ഉവയ്മം ബിൻ സാഅദയുടെ ഖബറിന് അരികിൽ നില്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: ലോകത്തുള്ള ഒരു വ്യക്തിക്കും ഈ ഖബർ വാസിയെക്കാൾ ഉത്തമനെന്ന് പറയാൻ സാധിക്കില്ല. കാരണം റസൂലുല്ലാഹ്(സ)യ്ക്ക് വേണ്ടി ഏതെല്ലാം പതാകകളാണ് സ്ഥാപിക്കപ്പെട്ടത് ഉവയ്മം അതിന്റെ തണലിൽ ഉണ്ടാകുമായിരുന്നു. ഉഹദ് യുദ്ധാവസരത്തിൽ ഹാരിഥ് ബിൻ സുവയ്ദ് ഹദ്റത്ത് മുജസർ ബിൻ സിയാദിനെ വധിച്ചു. കാരണം ഹദ്റത്ത് മുജസർ ബിൻ സിയാദ് ജാഹലിയ്യാ കാലത്ത് ഹാരിസിന്റെ പിതാവിനെ വധിച്ചിരുന്നു. എന്നാൽ നബി(സ)തിരുമേനി മദീനയിൽ എത്തിയപ്പോൾ ഹാരിസും മുജസറും മുസ്‌ലിംകളായി. ഹാരിസ് എപ്പോഴും മുജസറിനെ കൊലപ്പെടുത്തുന്നതിന് തക്കം പാർത്തിരുന്നു. അങ്ങനെ ഉഹദ് യുദ്ധവേളയിൽ അവസരം നോക്കി അദ്ദേഹത്തെ ശഹീദാക്കി. അതിൽ നബി(സ) ഹദ്റത്ത് ഉവയ്മം ബിൻ സാഅദക്ക് ഹരിഥിനെ വധിക്കുവാൻ നിർദ്ദേശം നല്കുകയുണ്ടായി. ഹദ്റത്ത് ഉവയ്മം നബി(സ) തിരുമേനിയുടെ ജീവിതകാലയളവിൽ തന്നെ വഫാത്തായി.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് നുഅ്മാൻ ബിൻ സിനാൻ എന്നാണ്. അദ്ദേഹത്തിന് അൻസാർ ഗോത്രമായ ഖദ്റജിന്റെ കുടുംബം, ബനൂ നുഅ്മാനുമായാണ് ബന്ധം. ഹദ്റത്ത് നുഅ്മാൻ ബിൻ സിനാന് ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുക്കാനുള്ള തൗഫീഖ് ലഭിച്ചു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് അൻത്തറ മൗലാ സലീം എന്നാണ്. ഹദ്റത്ത് അൻത്തറ മൗലാ സലീം ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് യുദ്ധ ദിവസം അദ്ദേഹം ശഹീദായി. മറ്റൊരു അഭിപ്രായപ്രകാരം ഹദ്റത്ത് അൻത്തറയുടെ വഫാത്ത് സഫീൻ യുദ്ധത്തിൽ ഹദ്റത്ത് അലിയുടെ ഖിലാഫത്ത് കാലഘട്ടമായ ഹിജ്രി 37 നാണ് സംഭവിച്ചത്.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് നുഅ്മാൻ ബിൻ അബ്ദ് അംറ് എന്നാണ്. അദ്ദേഹത്തിന്റെ ബന്ധം അൻസാറുകളുടെ ഗോത്രമായ ഖദ്റജിന്റെ ശാഖ ബനൂ ദീനാർ ബിൻ നജാറുമായാണ്. ഹദ്റത്ത് നുഅ്മാൻ ബിൻ അബ്ദെ അംറ് ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഹദ്റത്ത് നുഅ്മാൻ ബിൻ അബ്ദെ അംറ് ഉഹദ് യുദ്ധത്തിൽ ശഹാദത്ത് പദവി കരസ്ഥമാക്കി. ഹദ്റത്ത് നുഅ്മാനിനും ഹദ്റത്ത് സിഹാകിനും മൂന്നാമത്തൊരു സഹോദരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ഖുത്ബ എന്നായിരുന്നു. അദ്ദേഹത്തിനും നബി(സ)തിരുമേനിയുടെ അനുചരഗണത്തിൽ ഉൾപ്പെടുവാനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. ബിഅ്റെ മഅ്ഊന സംഭവത്തിൽ ഹദ്റത്ത് ഖുത്ബ ശഹാദത്ത് വരിച്ചു. മുഹമ്മദ് ബിൻ സഅദ് ബിൻ അബി വഖാസ് നിവേദനം

ചെയ്യുന്നു, റസൂലുല്ലാഹ്(സ) ബനൂ ദീനാറിലെ ഒരു സ്ത്രീയുടെ സമീപത്ത് കൂടി കടന്നുപോയി. അവരുടെ ഭർത്താവും സഹോദരനും പിതാവും റസൂലുല്ലാഹ് (സ) ന്റെ കൂടെ ഉഹദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അവരെല്ലാവരും അതിൽ ശഹീദാകുകയും ചെയ്തു. അവരോട് അനുശോചനം അറിയിച്ചപ്പോൾ ആ സ്ത്രീ ചോദിച്ചു, നബി (സ) തിരുമേനിയുടെ അവസ്ഥയെന്താണ്? ആളുകൾ പറഞ്ഞു, അല്ലയോ ഇന്നാളുടെ മാതാവേ! അവിടുന്ന് സുഖത്തിലാണ്. അൽഹംദുലില്ലാഹ്. (അങ്ങയുടെ അവസ്ഥ) നിങ്ങൾ എങ്ങനെയാണ് ഇഷ്ടപ്പെടുന്നത് അപ്രകാരം തന്നെയാണ്. അതിൽ ആ സ്ത്രീ പറഞ്ഞു: എന്നെ കാണിക്കുക. ഞാൻ അവിടുന്നിനെ കാണാൻ ആഗ്രഹിക്കുന്നു. പിന്നീട് റസൂലുല്ലാഹ്(സ) യെ അവർ ചൂണ്ടി കാണിച്ച് കൊടുത്തു. നബി(സ)യെ കണ്ട മാത്രയിൽ അവർ പറഞ്ഞു: അദ്ദേഹം സുരക്ഷിതനെങ്കിൽ പിന്നീടുള്ള ബുദ്ധിമുട്ടുകളെല്ലാം നിസാരങ്ങളാണ്.

ഒരു നിവേദനത്തിൽ ആ സ്ത്രീയുടെ മകന്റെ ശഹാദത്തിനെ കുറിച്ചും വിവരിക്കുന്നുണ്ട്. ആ സ്ത്രീയുടെ പേര് സമീറ ബിൻത് ഖയ്സ് എന്നായിരുന്നു. ഹദ്റത്ത് നുഅ്മാൻ ബിൻ അബ്ദെ അംറ് ഇവരുടെ മകനായിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരവസരത്തിൽ ഈ സംഭവത്തെ വിവരിക്കുകയുണ്ടായി. ഈ ഉദാഹരണം പലതവണ വിവരിച്ച് കഴിഞ്ഞതാണ്. ഇത് എല്ലാ മജ്‌ലിസുകളിലും വിവരിക്കുന്നതിന് ഉതകുന്നതും അതിന്റെ സ്മരണ നവമാക്കി വെക്കേണ്ടതുമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഇത് എത്രമാത്രം മഹത്തരമായ ഉദാഹരണമെന്നാൽ ലോകചരിത്രത്തിൽ ഇതിന് തുല്യമായത് സമർപ്പിക്കാൻ സാധിക്കുകയില്ല. ഇനി ഇത്തരം ആളുകളെ കുറിച്ച്

مِنۡهُمۡ مَّنۡ قَضٰی نَحۡبَهٗ

എന്ന് പറഞ്ഞില്ലെങ്കിൽ പിന്നെ മറ്റ് ഏത് സമൂഹത്തെ കുറിച്ചാണ് ഈ വാക്കുകൾ പറയാൻ സാധിക്കുക? ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: ഞാൻ ഈ സ്ത്രീയുടെ സംഭവം വായിക്കുമ്പോൾ എന്റെ ഹൃദയം അവരോടുള്ള ആദരവും ബഹുമാനവും കൊണ്ട് നിറയുന്നു. എന്റെ ഹൃദയം അവരുടെ കോന്തലയിൽ ചുംബിക്കുകയും തന്റെ കരങ്ങൾ കണ്ണുകളിൽ വെക്കുവാനുമാണ് ആഗ്രഹിക്കുന്നത്. അവർ എന്റെ പ്രിയതമനോട് തന്റെ സ്നേഹാദരവിന്റെ തുല്യതയില്ലാത്ത ഒരു മാതൃക ഉപേക്ഷിച്ച് പോയിരിക്കുന്നു.

പിന്നീട് പറയുന്നു: നബി(സ)തിരുമേനി തന്റെ സഹാബാക്കളിൽ തന്നോടുള്ള എത്ര ഉന്നതമായ സ്നേഹമാണ് സൃഷ്ടിച്ചതെന്നാൽ അതിലും ഉപരിയായി ഒരു വസ്തുവിനും അവർ വില കല്പ്പിച്ചിരുന്നില്ല. എന്നാൽ ഈ അനുരക്തി അവിടുന്ന് അല്ലാഹുവിന് പ്രിയപ്പെട്ടവനായത് കാരണത്താൽ മാത്രമാണ്. നബി(സ)തിരുമേനിയോട് അവർക്ക് സ്നേഹമായിരുന്നു, അതിനു കാരണം അവിടുന്ന് അല്ലാഹുവിന് പ്രിയപ്പെട്ടവനായിരുന്നു. അദ്ദേഹം പറയുന്നു: അവർ യഥാർത്ഥത്തിൽ അല്ലാഹുവിൽ അനുരക്തരായിരുന്നു. അങ്ങനെ അല്ലാഹുവും മുഹമ്മദ്(സ) സ്നേഹിച്ചിരുന്ന കാരണത്താൽ സഹാബത്തും അങ്ങയെയും സ്നേഹിച്ചിരുന്നു. പിന്നീട് അദ്ദേഹം ഈ സ്ത്രീയുടെ സംഭവം വിവരിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: ഈയൊരു സ്നേഹമാണ് അല്ലാഹു അവരുടെ മനസുകളിൽ നബി(സ)തിരുമേനിക്ക് വേണ്ടി സൃഷ്ടിച്ചത്. എന്നിരുന്നാലും അവർക്ക് പ്രിയം എല്ലാ വസ്തുക്കളെക്കാളും അല്ലാഹു തന്നെയായിരുന്നു. ഇതാണ് തൗഹീദ്. അത് അവർക്ക് ലോകത്തിലെ എല്ലാ സ്ഥലങ്ങളിലും ആധിപത്യം പ്രദാനം ചെയ്തു. അല്ലാഹുവിന് മുന്നിൽ, മാതാവിനെയോ പിതാവിനെയോ അവർ ഗൗനിച്ചില്ല. സഹോദരനോ സഹോദരിക്കോ ഭാര്യമാർക്കോ ഭർത്താക്കൻമാർക്കോ അവർ പ്രാധാന്യം നല്കിയതുമില്ല. അവരുടെ മുന്നിൽ അല്ലാഹു ഞങ്ങളിൽ തൃപ്തിപ്പെടണം എന്നൊരു കാര്യം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് അല്ലാഹു അവരെ സംബന്ധിച്ച് **റളിയല്ലാഹു അൻഹും** എന്ന് പറഞ്ഞിരിക്കുന്നു. അദ്ദേഹം പറയുന്നു: എന്നാൽ അതിനുശേഷം മുസ്ലിംകളിൽ ആ അവസ്ഥ നിലനിന്നില്ല. ഇനി ഇപ്പോൾ അവർക്കുള്ള അല്ലാഹുമായുള്ള ബന്ധം വെറും ചിന്താപരമായ നിലയിൽ മാത്രമാണ്. അല്ലാഹുവിനെ വിശ്വസിക്കുന്നുവെന്ന് അവർ തീർച്ചയായും വിചാരിക്കുന്നു. തൗഹീദ് അംഗീകരിക്കുന്നുവെന്ന കാര്യവും അതുപോലെ തന്നെയാണ്. എന്നാൽ ഹൃദയത്തിൽ ഇല്ല. റസൂൽ കരീം(സ)തിരുമേനിയെ സംബന്ധിച്ച് അവരുടെ മുന്നിൽ പറയപ്പെട്ടാൽ ഹൃദയത്തിൽ അനുരാഗത്തിന്റെ ഞരമ്പുകൾ വിറക്കാൻ തുടങ്ങുന്നു. റസൂലുല്ലാഹ്(സ)ന്റെ ബന്ധുക്കളെ കുറിച്ച് പറയുമ്പോഴും അവരുടെ ഞരമ്പുകൾ തുടിക്കുന്നു. ശിയാക്കളും സുന്നികളും അങ്ങനെ എല്ലാവരും നബി(സ)തിരുമേനിയെയും അങ്ങയുടെ തലമുറകളെയും കുറിച്ച് പറയപ്പെടുമ്പോൾ ആവേശഭരിതരായി മാറുന്നു. എന്നാൽ അല്ലാഹുവിനെ കുറിച്ച് പറയുമ്പോൾ മുസ്ലിംകളുടെ ഹൃദയഞരമ്പുകൾക്ക് ആ തുടിപ്പ് ഉണ്ടാവുന്നില്ല. യഥാർത്ഥത്തിൽ നബി തിരുമേനി എന്ന അനുഗ്രഹം നമ്മുക്ക് അല്ലാഹുവിൽ നിന്നാണ് ലഭിച്ചത്. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ നാമം കേട്ടാലും ഒരു ആത്മാഭിമാനം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടായിത്തീരേണ്ടതാണ്. കാരണം യഥാർത്ഥ പുരോഗതി അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നിന്നാണ് കരസ്ഥമാകുക. തൗഹീദിൽ നിലകൊള്ളുമ്പോഴാണ് ലഭിക്കുക. അതുകൊണ്ട് തന്നെ ഇതാണ് അടിസ്ഥാന ശില. അത് നാം ഓർമ്മയിൽ സൂക്ഷിക്കേണ്ടതാണ്. നമ്മുടെ ഉള്ളിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള യഥാർത്ഥ സ്നേഹവും ശരിയായ തിരിച്ചറിവും ഉണ്ടാകുവാനുള്ള തൗഫീഖ് നമുക്ക് അല്ലാഹു നല്കുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ ചില മരണമടഞ്ഞവരെ കുറിച്ച് പറയുന്നതാണ്. അവരുടെ ജനാസ നമസ്കാരവും നിർവഹിക്കുന്നതാണ്. ആദ്യമായി ബഹുമാന്യ മൗദൂദ് അഹ്മദ് ഖാൻ സാഹിബ് അമീർ കറാച്ചിയെ കുറിച്ചാണ് പറയുന്നത്. ബഹുമാന്യ നവാബ് മസ്ഊദ് അഹ്മദ് ഖാൻ സാഹിബിന്റെ മകനായിരുന്നു. ജൂലൈ 14 ന് 78-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* 1941 ഏപ്രിൽ 21 ന് അദ്ദേഹം ഖാദിയാനിൽ ബഹുമാന്യ മസ്ഊദ് അഹ്മദ് ഖാൻ സാഹിബി

ന്റെയും സാഹിബ് സാദി ത്വയ്ബ സിദ്ദീഖ സാഹിബയുടെയും ഭവനത്തിൽ ജനിച്ചു. ഹദ്റത്ത് നവാബ് മുബാറക ബേഗം സാഹിബയുടെയും ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ മകന്റെ മകനും ഹദ്റത്ത് ഡോ. മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ മകളുടെ മകനുമായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ ഒരു മകനെയും ഒരു മകളെയും ഉപേക്ഷിച്ചാണ് അദ്ദേഹം യാത്രയായത്. അങ്ങേയറ്റം സൗമ്യഭാവവും സത്ഗുണങ്ങളും സഹാനുഭൂതിയും വിനയഭാവവും ഔദാര്യവും പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു: എന്നോടും എന്റെ സഹോദരിയോടും അതുപോലെ മറ്റ് കുട്ടികളോടും ആഴ്ചയിൽ ഒരു തവണ ഹുസൂർ തിരുമനസ്സിന് നിങ്ങൾ കത്ത് എഴുതണമെന്നും അങ്ങനെ ആ ബന്ധം വർദ്ധിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: ചന്ദ നല്കുന്നതിൽ വളരെ കൃത്യനിഷ്ടനായിരുന്നു. അദ്ദേഹത്തിന്റെ മകൾ പറയുന്നു: അല്ലാഹുവിൽ തികഞ്ഞ വിശ്വാസവും ഖിലാഫത്തിനോട് ആത്മാർത്ഥയും കാലത്തിന്റെ ഖലീഫയോടുള്ള അനുസരണത്തിന്റെയും വളരെ വലിയ മാതൃകകൾ പിതാവ് കാഴ്ച്ച വച്ചിരുന്നു. അതിൽ നിലകൊള്ളാൻ ഞങ്ങൾക്ക് അദ്ദേഹം നിർദ്ദേശവും നല്കിയിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഞാൻ നാസിർ ആലയായി നിയമിതനായപ്പോൾ ആ സമയത്തും വലിയ വിനയത്തോടെ അദ്ദേഹം സംവിധാനത്തെ ആദരിച്ച് കൊണ്ട് എന്നോട് എല്ലാവിധേനയും ആത്മാർത്ഥതയുടെയും ആദരവിന്റെയും ബന്ധം കാത്ത് സൂക്ഷിച്ചു. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും റഹ്മത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, ഖലീഫ അബ്ദുൽ അസീസ് സാഹിബ് നായിബ് അമീർ ജമാഅത്ത് കാനഡയുടെതാണ്. അദ്ദേഹം ജൂലൈ 9 ന് ഹൃദയസ്തംഭനം മൂലം 84-ാം വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ.* അങ്ങേയറ്റം വിനയനും ഏവരാലും പ്രിയങ്കരനും പ്രസന്നവദനും പ്രശ്ന പരിഹാര വിദഗ്ദനും സ്വാതികനും ആത്മർത്ഥ പുലർത്തുകയും ചെയ്ത മനുഷ്യനുമായിരുന്നു. അനാരോഗ്യവസ്ഥയിലും തന്റെ നിർബന്ധ കടമകൾ അവസാനം വരെ വലിയ ധൈര്യത്തോടെ നിർവഹിച്ചു. ഖിലാഫത്തിനോട് അഗാധ സ്നേഹവും തികഞ്ഞ ബന്ധവും പുലർത്തിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അല്ലാഹു അദ്ദേഹത്തോട് പാപപൊറുതിയോടും കാരുണ്യത്തോടും കൂടി വർത്തിക്കട്ടെ. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടരുവാൻ ഇവർക്ക് തൗഫീഖും നല്കുമാറാകട്ടെ

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 19.07.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516